പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 121

27-06-2011-ൽ മറുപടിക്ക്

ട്രോളിംഗ് നിരോധനം

**ചോദ്യം**

ശ്രീ.എളമരം കരീം

എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധിക്കുന്നതിന് മുന്നോടിയായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

**മറുപടി**

ശ്രീ.ഉമ്മൻ ചാണ്ടി
(ബഹു. മുഖ്യമന്ത്രി)

എ) 2011 ലെ ട്രോളിംഗ് നിരോധനം സമാധാനപരമായി നടപ്പാക്കുന്നതിന് ബഹു. കേരള മുഖ്യമന്ത്രി തീരദേശ ജില്ലാ കളക്ടർമാരുടെയും പോലീസ് ഉദ്യോഗസ്ഥർ, ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ, കോസ്റ്റ് ഗാർഡ്, നേവി, മത്സ്യ മേഖലയിലെ ട്രേഡ് യൂണിയൻ/മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ചു ചേർക്കുകയും ട്രോളിംഗ് നിരോധനത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തി ഇതുമായി സഹകരിക്കുവാൻ എല്ലാ വിഭാഗക്കാരോടും അഭ്യർത്ഥിക്കുകയും വേണ്ട നിർദ്ദേശം നൽകുകയും ചെയ്തു. ഫിഷറീസ് വകുപ്പിലെ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗവും ലോക്കൽ പോലീസും ചേർന്ന് തീരദേശ ജില്ലകളിൽ സമാധാന അന്തരീക്ഷം സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മറൈൻ എൻഫോഴ്സ്മെന്റ് പോലീസ് സൂപ്രണ്ട് ആഫീസിലും എല്ലാ തീരദേശ ജില്ലാ ഫിഷറീസ് ആഫീസ്, ഫിഷറീസ് സ്റ്റേഷൻ എന്നിവിടങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ അഴീക്കൽ, എറണാകുളം ജില്ലയിലെ മുനമ്പം, തൃശൂർ ജില്ലയിലെ അഴീക്കോട്, കോഴിക്കോട് ജില്ലയിലെ പുതിയാപ്പ, ചോമ്പാല, കണ്ണൂർ ജില്ലയിലെ അഴീക്കൽ എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ താല്ക്കാലികമായി ആരംഭിച്ചു പ്രവർത്തിച്ചുവരുന്നുണ്ട്.

ട്രോളിംഗ് നിരോധനം ഫലപ്രദമായി നടത്തുന്നതിന് ജില്ലാ കളക്ടർമാരെ നോഡൽ ആഫീസർമാരായി നിയമിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എല്ലാ തീരദേശ ജില്ലകളിലും മത്സ്യമേഖലയിലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെയും സെക്യൂരിറ്റി ഏജൻസികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി മീറ്റിംഗ് നടത്തിയിട്ടുണ്ട്.

| | |
|---|---|
| | ട്രോളിംഗ് നിരോധനം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഫിഷറീസ് വകുപ്പ് സ്വകാര്യബോട്ടുകൾ/ഫൈബർ വള്ളം എന്നിവ വാടകയ്ക്ക് എടുത്ത് കടൽ പട്രോളിംഗ് നടത്തുന്നു. ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽരഹിതരാകുന്ന യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾ, ഹാർബറുകളിലെ അനുബന്ധ മത്സ്യത്തൊഴിലാളികൾ, പീലിംഗ് തൊഴിലാളികൾ എന്നിവർക്ക് സൗജന്യറേഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| ബി) നിരോധനം ആരംഭിച്ചിട്ടും മത്സ്യത്തൊഴിലാളികളുടെ സൗജന്യറേഷൻ നൽകുന്നതു സംബന്ധിച്ച നടപടിക്രമം ആരംഭിച്ചിട്ടില്ലെന്ന പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | ബി) പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. |
| സി) മത്സ്യപ്രജനന കാലത്തുതന്നെയാണ് ട്രോളിംഗ് നിരോധനം നടത്തുന്നതെന്ന് ഉറപ്പുവരുത്താൻ ശാസ്ത്രീയമായ എന്തെങ്കിലും പഠനം നടന്നിട്ടുണ്ടോ;<br>ഡി) ഇല്ലെങ്കിൽ ഇത്തരം പഠനത്തിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ? | സി) യും ഡി) യും<br>2007-ൽ അന്നത്തെ ഫിഷറീസ് സെക്രട്ടറി ചെയർമാനായുള്ള എക്സ്പെർട്ട് കമ്മിറ്റി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ